വർഷം അവിടത്തെ ഒ.പി. പ്രവർത്തനം ആരംഭിക്കാൻ സാധിച്ചു. ഏതാനും ദിവസങ്ങൾക്കകം അവിടെ ഐ.പി.യും ആരംഭിക്കാൻ കഴിയുന്ന വിധത്തിൽ പ്രവർത്തനങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. പക്ഷേ ഇങ്ങനെയൊക്കെ പൂർത്തിയായിക്കഴിഞ്ഞാലും ശ്രീ. സി. കെ. പി. പത്മനാഭൻ പറഞ്ഞതുപോലുള്ള ചില പ്രശ്നങ്ങൾ അവിടെ അവശേഷിക്കുന്നുണ്ട്. വെള്ളത്തിന്റേയും വൈദ്യുതിയുടേയുമൊക്കെ പ്രശ്നങ്ങൾക്ക് നമുക്ക് ഇനിയും പണം അനുവദിക്കേണ്ടതായിട്ടാണ് ഉള്ളത്. 59 തസ്തികകൾ ഇതിനുവേണ്ടി പ്രത്യേകമായി ധനകാര്യ വകുപ്പ് പാസ്സാക്കിത്തന്നിട്ടുണ്ട്. നാല് നിലകളുള്ള കെട്ടിടത്തിന്റെ ആദ്യ രണ്ട് നിലകളാണ് ഇപ്പോൾ പൂർത്തിയാക്കിയിട്ടുള്ളത്. ഇപ്പോൾ വാർഡിന്റെ പണിയും പൂർത്തിയാക്കുന്നുണ്ട്. എത്രയും വേഗത്തിൽ വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുന്നതിന് ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനും ഫർണിച്ചറുകളും തീയേറ്ററുകളും മറ്റും കൊടുക്കുന്നതിനാവശ്യമായ നടപടികളായിട്ടുണ്ട്. ഒപ്പം ആ സ്ഥലം ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു തീരുമാനമെടുത്തിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ മരുന്ന് ഗോഡൗൺ ഉണ്ടാക്കുന്നതിനാവശ്യമായ സ്ഥലം മാങ്ങാട്ടുപറമ്പിലാണ് ഇപ്പോൾ കണ്ടെത്തിയിട്ടുള്ളത്. എത്രയുംപെട്ടെന്ന് അതിന്റെ പണിയും തുടങ്ങാനാണ് തീരുമാനിച്ചിരിക്കുന്നത്.

(3) സ്പെഷ്യൽ പോലീസ് വേരിഫിക്കേഷൻ

ശ്രീ. സി.ടി. അഹമ്മദ് അലി : സർ, നമ്മുടെ സംസ്ഥാനത്തുടനീളം വലിയ ഒരു വിഭാഗം ആളുകൾ ജോലിയുമായി ബന്ധപ്പെട്ട് ഗൾഫ് രാജ്യങ്ങളിലും അതുപോലെ മറ്റ് വിദേശ രാജ്യങ്ങളിലും കഴിയുകയാണ്. അതിൽ ഭൂരിഭാഗം തൊഴിലാളികളും സാധാരണക്കാരായ ആളുകളാണ് ചെറിയ ഒരുഭാഗം മാത്രമാണ് ബിസ്സിനസ്സുകാരും മറ്റും. നമ്മുടെ സംസ്ഥാനത്തെ തൊഴിൽ രഹിതരായ ആളുകൾക്ക് പെട്ടെന്ന് ജോലി സാധ്യതയെക്കുറിച്ചുള്ള വിവരം ലഭ്യമാകുന്നത് ചിലപ്പോൾ പത്രങ്ങളിൽക്കൂടിയും മറ്റ് മാധ്യമങ്ങളിൽക്കൂടിയുമാണ്. അപ്പോൾ അവരുടെ കൈയിൽ പാസ്പോർട്ട് ഉണ്ടാവുകയില്ല. അതുപോലെ ഗൾഫിൽ കഴിയുന്ന ബന്ധുക്കൾക്ക് അസുഖം വന്നാലോ അതല്ലെങ്കിൽ അത്യാവശ്യമായ മറ്റ് എന്തെങ്കിലും കാര്യങ്ങൾ ഉണ്ടായാലോ കൈയിൽ പാസ്പോർട്ട് ഇല്ലാത്തതുകാരണം പെട്ടെന്ന് എത്തിപ്പെടാൻ കഴിയുന്നില്ല. അതുപോലെ ഹജ്ജിനും പലപ്പോഴും അപേക്ഷ കൊടുത്ത് നിരവധി ആളുകൾ കാത്തുകിടക്കുന്നു. ഏതെങ്കിലും വിധത്തിൽ ഹജ്ജിന് അനുവാദം ലഭിച്ചാൽ കൈയിൽ പാസ്പോർട്ട് ഉണ്ടാകാതെ പറ്റില്ല. ഇങ്ങനെ ഒരു സാഹചര്യത്തിൽ എമർജൻസി പാസ്പോർട്ട് ലഭ്യമാക്കുക എന്നുള്ളത് നമ്മുടെ നിയമത്തിൽത്തന്നെ ഒരു വ്യവസ്ഥയാണ്, ഒരു അവകാശമാണ്. അത് ലഭിക്കണമെങ്കിൽ ഒന്നുകിൽ ജില്ലാപോലീസ് സൂപ്രണ്ട് അല്ലെങ്കിൽ എസ്. ഐ. നൽകണം. പക്ഷേ ഇത്തരത്തിലുള്ള അപേക്ഷകൾ പല എസ്. പി. മാരും എസ്. ഐ മാരും സ്വീകരിക്കുന്നില്ല. നിയമസഭയിൽ ഞാൻ ഒരു ചോദ്യം ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ അങ്ങ് എസ്.ഐ. മാർക്കുകൂടി അധികാരം നൽകുകയും അതനുസരിച്ച് ഉത്തരവ് നൽകുകയും ചെയ്തു. എന്നിട്ടും ഇനിയും പോലീസ് സ്റ്റേഷനുകളിലൊ

LIBRARY ARCHIVES Kerala Legislative Assembly

എസ്.പി.ഓഫീസുകളിലോ അപേക്ഷ സ്വീകരിക്കാൻ തയ്യാറാകുന്നില്ല. ഇത് നമ്മുടെ തൊഴിൽ രഹിതരായ ആളുകൾക്ക് വളരെയേറെ പ്രയാസമുണ്ടാക്കും. അതുകൊണ്ട് ഇത്തരം പോലീസ് വേരിഫിക്കേഷനുള്ള അപേക്ഷകൾ പോലീസ് സ്റ്റേഷനുകളിലും ജില്ലാ പോലീസ് സൂപ്രണ്ട് ഓഫീസുകളിലും സ്വീകരിക്കുകയും ആ അപേക്ഷകളിൻമേൽ ആവശ്യമായ അന്വേഷണം നടത്തി അർഹിക്കുന്ന ആളുകൾക്ക് അടിയന്തരമായി പോലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് നൽകാനുള്ള നിർദ്ദേശം നൽകണമെന്ന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ, കേന്ദ്ര സർക്കാർ പാസ്പോർട്ട് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി പാസ്പോർട്ട് അപേക്ഷകൾക്ക് വേരിഫിക്കേഷൻ സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരം തഹസീൽദാർമാർക്കും സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കും നൽകിയിട്ടുണ്ട്. സ്റ്റേഷൻ ഹൗസ് ഓഫീസർമാർ എന്നത് ചില സ്ഥലത്ത് സി.ഐ. ആയിരിക്കും ബാക്കി സ്ഥലങ്ങളിൽ എസ്.ഐ. മാരായിരിക്കും. നേരത്തെ പോലീസ് സൂപ്രണ്ടോ അതിന് മുകളിലെ തസ്തികയിലുള്ള ഉദ്യോഗസ്ഥരോ മാത്രമായിരുന്നു പാസ്പോർട്ടിനുവേണ്ടി പോലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് നൽകാൻ അധികാരമുള്ള ആളുകൾ. നടപടിക്രമങ്ങൾ ലഘൂകരിച്ചുവെങ്കിലും ഇപ്പോഴും ഇത്തരം സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ അധികവും ലഭിക്കുന്നത് ജില്ലാ പോലീസ് സൂപ്രണ്ടുമാരുടേയും കമ്മീഷണർമാരുടേയും ഓഫീസുകളിലാണ്. പെട്ടെന്ന് പാസ്പോർട്ട് ലഭിക്കുന്നതിനുള്ള തത്കാൽ സ്കീമിന്റെ ഭാഗമായി സ്പെഷ്യൽ പോലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് യഥാസമയം തന്നെ നൽകിവരുന്നുണ്ട്. പോലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് അപേക്ഷകൻ ഹാജരാക്കേണ്ടതായ രേഖകളുടെ ആധികാരികത മനസ്സിലാക്കുന്നതിനും പ്രാഥമികമായി അന്വേഷണം നടത്തുന്നതിനുമുള്ള കാലതാമസം മാത്രമേ ഇക്കാര്യത്തിൽ ഉണ്ടാവാറുള്ളൂ എന്നാണ് പോലീസ് വകുപ്പിൽ നിന്നും എനിക്ക് ലഭിച്ചിട്ടുള്ള വിവരം. പോലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിന് വിസയുടെ പകർപ്പ് ചില സാഹചര്യങ്ങളിൽ ആവശ്യപ്പെടാറുണ്ട് എന്നാണ് അവർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ലേബർ റിക്രൂട്ട്മെന്റിന് ശേഷമുള്ള ഗ്രൂപ്പ് വിസയുമായി ബന്ധപ്പെട്ട ചില കേസുകളിലും പഴയ പാസ്പോർട്ട് പുതുക്കുന്ന ചുരുക്കം ചില സാഹചര്യങ്ങളിലുമാണ് വിസയുടെ കോപ്പി ആവശ്യപ്പെടാറുള്ളത് എന്നാണ് പോലീസ് വകുപ്പിൽ നിന്ന് ലഭ്യമായിട്ടുള്ള വിവരം. എല്ലാ കേസ്സുകളിലും വിസ ആവശ്യപ്പെടാറില്ല. അത്യാവശ്യം ഇല്ലാത്തവർ പോലും ട്രാവൽ ഏജന്റുമാരുടെ പ്രേരണയ്ക്ക് വിധേയമായി തത്കാൽ സ്കീമിൽ പാസ്പോർട്ടിന് അപേക്ഷിക്കാൻ ഇടവരുന്നത് തത്കാൽ സ്കീമിന്റെ ഉദ്ദേശം തന്നെ ഇല്ലാതാക്കുമെന്നതിനാലാണ് വിസയുടെ പകർപ്പ് ഇത്തരം സാഹചര്യങ്ങളിൽ ആവശ്യപ്പെടുന്നത്. ഹജ്ജ് പോലെയുള്ള പുണ്യകർമ്മങ്ങൾക്ക് പോകുന്നതിനുവേണ്ടി എമജൻസി പാസ്പോർട്ടിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

അപേക്ഷകളിൻമേൽ സ്പെഷ്യൽ പോലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് കാലതാമസം എടുത്തു എന്നതിനെ സംബന്ധിച്ച് ഇതുവരെ പരാതികൾ ഒന്നും ലഭിച്ചിട്ടില്ല. ഏതെങ്കിലും കാരണവശാൽ അത്തരം പ്രശ്നങ്ങളുണ്ടെങ്കിൽ ഹജ്ജ് തീർത്ഥാടനത്തിന് പോകുന്ന ആളുകൾക്ക് യാതൊരു തടസ്സവും കൂടാതെ അത് കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കാൻ സർക്കാർ നിർദ്ദേശം കൊടുക്കുന്നതാണ്. നിയമാനുസൃതമുള്ള രേഖകൾ സഹിതം സത്യസന്ധമായി ഹാജരാക്കപ്പെടുന്ന അപേക്ഷകളിൽ കാലതാമസം വരുത്താതെ വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് നൽകണമെന്ന് എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം കൊടുക്കുന്നതാണ്.

(4) ഹർത്താലും ബന്തും റഗുലെറ്റ് ചെയ്യാൻ ബിൽ

ശ്രീ. ജോസഫ് എം. പുതുശ്ശേരി : സർ, നിയമപരിഷ്കരണ കമ്മീഷൻ ഈ ഗവൺമെന്റ് വലിയ ഭരണ നേട്ടമായി ചിത്രീകരിച്ച ഒരു കാര്യമാണ്. ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി നിരവധി തവണ ഇതേക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ഈ സഭയിലും പുറത്തും വാർത്താസമ്മേളനം നടത്തി, ഈ സഭയിലും ഇക്കാര്യം ആവർത്തിച്ചിട്ടുണ്ട്. വലിയ ഒരു ഭരണ നേട്ടമാണ്, കാലോചിതമായി നിയമങ്ങൾ പരിഷ്കരിക്കാനുള്ള നടപടി സ്വീകരിച്ചിരിക്കുന്നു എന്നു പറഞ്ഞു. ജസ്റ്റീസ് വി. ആർ. കൃഷ്ണയ്യർ അധ്യക്ഷനായ നിയമപരിഷ്കരണ കമ്മീഷൻ ഹർത്താലും ബന്തും റഗുലേറ്റ് ചെയ്യണം എന്ന ഒരു നിയമനിർമ്മാണത്തിനുള്ള ശുപാർശ നൽകിയിരുന്നു. കഴിഞ്ഞ ജനുവരി 24 -ന് ഈ റിപ്പോർട്ട് സ്വീകരിച്ചുകൊണ്ട് നിയമവകുപ്പുമന്ത്രി വളരെ ഗൗരവത്തോടുകൂടി ഇത് പരിഗണിക്കും എന്ന് പറഞ്ഞ് ഒരു വലിയ കാര്യമായാണ് അദ്ദേഹം അന്നും ഇതിനെ ചിത്രീകരിച്ചത്. എന്നാൽ ഇപ്പോൾ ഇത് വേണ്ട എന്നാണ് തീരുമാനം. ഈ ബിൽ ചാപിള്ളയായിരിക്കുന്ന ഒരു അവസ്ഥാവിശേഷമാണുണ്ടായിരിക്കുന്നത്. ഈ ബിൽ ഉപേക്ഷിക്കാൻ ഗവൺമെന്റ് തീരുമാനിച്ചു എന്നാണ് മനസ്സിലാക്കുന്നത്. ഇതിനെക്കുറിച്ച് ബഹുമാനപ്പെട്ട ജസ്റ്റീസ് വി. ആർ കൃഷ്ണയ്യരുടെ പ്രതികരണം പത്രങ്ങളിൽ വന്നിട്ടുണ്ട്. ഈ നടപടി അത്യാഹിതം എന്നാണ് അദ്ദേഹം വിശേഷിപ്പിച്ചത്. നാലുദിവസത്തിനുള്ളിൽ രണ്ട് ബന്ത് ; ഇത്തരത്തിൽ ആളുകളെ ബന്ദികളാക്കിക്കൊണ്ട് പീഡിപ്പിക്കുകയാണ്. യാതൊരു ജനസ്വാധീനവുമില്ലാത്ത സംഘടനകൾക്കും പാർട്ടികൾക്കും പോലും എളുപ്പം പ്രഖ്യാപിച്ച് വിജയിപ്പിക്കാൻ കഴിയുന്ന ഒരു സമരമാർഗ്ഗമായി ബന്തും ഹർത്താലും മാറിയിട്ടുണ്ട്. ഇതിന്റ ദുരിതങ്ങൾ ആളുകൾ ധാരളമായി അനുഭവിക്കുകയാണ്. വലിയ ജനകീയ ആവശ്യമെന്ന നിലയിൽ അത്യാവശ്യത്തിന് നോട്ടീസ് നൽകി നിശ്ചിത സമയത്ത് ഈ കാര്യങ്ങളൊക്കെ നിർവ്വഹിച്ചാൽ നമുക്ക് മനസ്സിലാകും. പക്ഷെ ഇവിടെ യാതൊരു നോട്ടീസും കൂടാതെ പെട്ടെന്ന് പ്രഖ്യാപിക്കപ്പെടുന്ന ഇത്തരത്തിലുള്ള ബന്തുകളും ഹർത്താലുകളും ജനജീവിതം വളരെയധികം ദുസ്സഹമാക്കുന്നു. അത്തരം സന്ദർഭങ്ങളിലുണ്ടാകുന്ന അക്രമങ്ങളിൽ നിരവധി ആളുകൾക്ക് പരുക്കേൽക്കുന്നു. വളരെ കൂടുതൽ കഷ്ടനഷ്ടങ്ങൾ പൊതുജനങ്ങൾക്കും അതുപോലെതന്നെ പൊതുമുതലിനുമൊക്കെ ഉണ്ടാകുന്ന സാഹചര്യങ്ങൾ നിലവിലുണ്ട്. അതുകൊണ്ട് ഇത് റെഗുലേറ്റ് ചെയ്യേണ്ടത് വളരെ അനിവാര്യമായ കാര്യമാണ് അത്തരത്തിലുള്ള

LIBRARY ARCHIVES Kerala Legislative Assembly